## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *249 | 19.06.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>,, പി.സി.വിഷ്ണുനാഥ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, സണ്ണി ജോസഫ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധന സഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ആണ് വികസിപ്പിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.72/2011/പൊ.മ.വ തീയതി 3.12.11 പ്രകാരം 2011 ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4.2.2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും 2 കോടി രൂപയും അതിനു മുകളിലും വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി. എന്നാൽ 01.02.2012 ലെ ജി.ഒ.(പി)നം.13/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇന്ന് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന 25 ലക്ഷത്തിനു മുകളിൽ വരുന്ന എല്ലാ വർക്കുകൾക്കും ഇ-ടെണ്ടറിംഗ് ബാധകമാണ്. 2013 ഫെബ്രുവരി 10 മുതൽ ഇതിന്റെ ഒന്നാം ഘട്ടം വ്യാപകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

**(ബി)&(സി) :**

പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും വേഗത്തിൽ പൂർത്തിയാക്കുവാൻ ഇ-ടെണ്ടറിംഗ് സംവിധാനം വഴി സാധിക്കും. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഡോക്യുമെന്റ്സ് വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും.

ഇ-ടെണ്ടറുകളുടെ നിലവിലെ അവസ്ഥ, പങ്കെടുത്ത കരാറുകാർ മുതലായ വിശദ വിവരങ്ങൾ ഇ-ടെണ്ടറിംഗ് വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കും. ഈ സംവിധാനത്തിൽ ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് ടെണ്ടർ രേഖകൾ, ഷെഡ്യൂൾ എന്നിവ അദ്ദേഹത്തിന്റെ Digital signature ഉപയോഗിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. കരാറുകാർക്ക് ഇവ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കരാറുകാർക്ക് സ്വകാര്യ കമ്പ്യൂട്ടർ വഴി online ആയി എവിടെ നിന്നും ടെണ്ടർ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

(ഡി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

(ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ ഭാഗമായി (NEGP) എൻ.ഐ.സി യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പിലാക്കിയത്. സംസ്ഥാന ഐ.റ്റി വകുപ്പും, ധനവകുപ്പും ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നുണ്ട്. നിരതദ്രവ്യം അടക്കുന്നതിലേക്കായി എസ്.ബി.റ്റി.യും ഇതുമായി സഹകരിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ആണ്.

**സെക്ഷൻ ഓഫീസർ**